# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *111 12.03.2015 - ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ. ടി. ജലീൽ :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. സി. കൃഷ്ണൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ വ്യാപകമായി അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കാറുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തലവനായി പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചു വരുന്നു. പരാതിയുടെ ഗൗരവം അനുസരിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നേരിട്ടോ, പ്രസ്തുത വിഭാഗം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ അന്വേഷണം നടത്തുന്നു. |

പൊതുമരാമത്ത് വകുപ്പിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അവർ അന്വേഷണം നടത്താറുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും വകുപ്പിന്റെ പല പ്രവർത്തനങ്ങളും പരിശോധിച്ചു സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. വിജിലൻസ് റിപ്പോർട്ടുകളിലും ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിലും വകുപ്പുതല റിപ്പോർട്ടുകളിലും സർക്കാർ സത്വരമായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയ്ക്കായി വിപുലമായ ക്വാളിറ്റി കൺട്രോൾ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വകുപ്പിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച് നിയമസഭാംഗങ്ങളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം അംഗങ്ങളാണ് പരാതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; പ്രസ്തുത പരാതികൾ അന്വേഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) നിയമസഭയ്ക്കകത്ത് സഭാംഗങ്ങൾ ഉന്നയിച്ച പരാതികളിൽ അപ്പപ്പോൾ തന്നെ കാര്യകാരണ സഹിതം പൊതുമരാമത്ത് വകുപ്പ് മന്ത്രി മറുപടി നൽകിയിട്ടുള്ളതും ആരോപണങ്ങൾ നിഷേധിച്ചിട്ടുള്ളതുമാണ്.

തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് റോഡുകൾ മഴയത്ത് ടാർ ചെയ്തത് കാരണം തകർന്നതുമായി ബന്ധപ്പെട്ട് ബഹു. എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ബഹു. മന്ത്രി ശ്രീ. കെ. ബാബു നൽകിയ പരാതിയിൽ പൊതുമരാമത്ത്

ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം) തുടർനടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന ടി.ഒ. സൂരജ് നടത്തിയതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധന നടത്തുന്നുണ്ടോ; ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ ? | (സി) | ശ്രീ. റ്റി. ഒ. സൂരജിനെതിരെ വിജിലൻസിൽ നേരിട്ടാണ് പരാതി ലഭിച്ചത്. ഗവൺമെന്റിൽ അത്തരത്തിലുള്ള പരാതി ലഭിക്കാതിരുന്നതിനാലാണ് വകുപ്പ് തലത്തിൽ അന്വേഷണം ഉണ്ടാകാതിരുന്നത്. ശ്രീ. റ്റി. ഒ. സൂരജിനെതിരെ, സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിച്ച പരാതിയിൽ സത്വരാന്വേഷണം നടന്നു വരുന്നു. (ക്യു. വി. 2/2015/എസ്. സി. ടി). വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. ഒ. സൂരജിനെതിരെ വി. സി. 9/14/ എസ്. സി. ഇ - നമ്പരായി ഒരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ